**പ്രവാസികളെ നാട്ടിലെത്തിക്കാനുള്ള സഹായ പദ്ധതി**

77 (3279) ശ്രീ. എം. ഉമ്മർ:
ശ്രീ. പി. ബി. അബ്ദുൽ റസാക്ക്:
ശ്രീ. സി. മോയിൻ കുട്ടി:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക ബുദ്ധിമുട്ടുമൂലം നാട്ടിലെത്താൻ കഴിയാത്ത പ്രവാസികളെ നാട്ടിലെത്തിക്കാനുള്ള സഹായ പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) വിവിധ രാജ്യങ്ങളിൽ, സാമ്പത്തിക ബുദ്ധിമുട്ടുമൂലം നാട്ടിലെത്താനാവാൻ കഴിയാത്ത പ്രവാസി മലയാളികളെ സംബന്ധിച്ച വിവരശേഖരണം പൂർത്തിയായിട്ടുണ്ടോ?

ഉത്തരം

(എ&ബി) അഞ്ചോ അതിൽ കൂടുതലോ വർഷങ്ങളായി നാട്ടിൽ വരാൻ സാധിക്കാതെ വിദേശത്ത് ജോലി ചെയ്യുവരുന്ന കേരളീയർക്ക് പ്രവാസികാര്യ വകുപ്പിൽനിന്നും സൗജന്യ യാത്രാ ടിക്കറ്റിനുള്ള സ്കീം നോർക്ക ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യുന്നതിന് 2015 ഒക്ടോബർ 9 മുതൽ നോർക്ക റൂട്ട്സിന്റെ വെബ്സൈറ്റിൽ സൗകര്യമൊരുക്കിയിട്ടുണ്ടായിരുന്നു. ഈ സംവിധാനത്തിൽ നാളിതുവരെ ആരുംതന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

**ചെയർമാൻ ഫണ്ട് പദ്ധതി**

78 (3280) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. വർക്കല കഹാർ:
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക വകുപ്പ് ചെയർമാൻ ഫണ്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതു നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 1,00,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പ്രവാസി കുടുംബങ്ങൾക്കാണ് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ചെയർമാൻ ഫണ്ട് പദ്ധതിയിലൂടെ ചികിത്സാ, മരണാനന്തര, വിവാഹ ധനസഹായങ്ങൾ നൽകി വരുന്നുണ്ട്. നാളിതുവരെ ചെയർമാൻ ഫണ്ട് പദ്ധതിയിൽനിന്നും 981 പേർക്കായി 1,83,50,652 രൂപ അനുവദിച്ചിട്ടുണ്ട്.

(സി) നോർക്ക-റൂട്ട്സ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 20 ശതമാനം ഉൾക്കൊള്ളിച്ചാണ് നോർക്ക-റൂട്ട്സ് ചെയർമാൻ ഫണ്ട് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്. അർഹതയുള്ള തിരികെയെത്തിയ പ്രവാസികളായിരുന്ന കേരളീയർക്ക് നോർക്ക-റൂട്ട്സ് ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടെയാണ് ചികിത്സ, മരണാനന്തര, വിവാഹ ധനസഹായങ്ങൾ നൽകിവരുന്നത്.

**പ്രവാസികളുടെ ക്ഷേമം**

79 (3281) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ ക്ഷേമത്തിനായുള്ള ഓരോ പദ്ധതികളുടെയും മാനദണ്ഡമടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രവാസികൾക്കായി ക്ഷേമനിധി ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഉണ്ട്. നിലവിൽ വിദേശത്ത് ജോലി ചെയ്യുന്നവർ, വിദേശത്തുനിന്ന് മടങ്ങിയവർ, കേരളത്തിനുപുറത്ത് ഇന്ത്യയിൽ ജോലി ചെയ്യുന്നവർ, വിദേശത്തുനിന്ന് കേരളത്തിലേയ്ക്ക് മടങ്ങിയെത്തി കേരളത്തിനുപുറത്ത് ഇന്ത്യയിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly